# സാഹിത്യത്തില് രാഷ്ട്രീയമധോവിത്വമനെ്ന് കാരൂര് സോമന്

**അപ്പച്ചന് കണ്ണഞ്ചിറ**

Story Dated:Fri, 14 Jan 2011 07:13:33 UTC
MAIL
PRINT




ഗ്ലാസ്കോ:ജനുവരി 9 ന് ലണ്ടന് മലയാളി കൗണ്സില് rutherglen-masonic ഹാളില് പ്രസിഡന്റ് സണ്ണി പത്തനംതിട്ടയുടെ അധ്യക്ഷതയില് കരേള സാഹിത്യഅക്കാദമി വിശിഷ്ട പുരസ്കാരങ്ങള് നടേിയ സി.രാധാകൃഷ്ണനയേും കവി സച്ചിദാനന്ദനയേും ഒപ്പം മറ്റ് അവാര്ഡ് ജതോക്കളുടയേും അഭിനന്ദിച്ചു. തുടര്ന്ന് അവാര്ഡുകളിലെ ദൃശ്യകലാ രാഷ്ട്രീയം എന്ന വിഷയത്തില് പ്രമുഖ നോവലിസ്റ്റും കവിയുമായ കാരൂര് സോമന് സംസാരിച്ചു. അക്കാദമി മുന് അധ്യക്ഷന് എം.മുകുന്ദന് അവാര്ഡുകളില് രാഷ്ട്രീയ ഇടപടെലുകള് ഉണ്ടനെ്ന് വളിെപ്പടെുത്തിയത് ഓര്മിച്ചായിരുന്നു കാരൂര് സോമന് പ്രഭാഷണം തുടങ്ങിയത്.

കരേളത്തിലെ അവാര്ഡുകളില് കലാകാലങ്ങളിലായി നിലനില്ക്കുന്ന ഒരു സത്യമാണ് എം.മുകുന്ദന് പറഞ്ഞത്. ഇതുപോലെ തുറന്നുപറയാന് എത്ര എഴുത്തുകാര് കരേളത്തിലുണ്ട്. തുറന്നുപറയാന് പറയാന് മനസുണ്ടങ്കെിലും പറയില്ല. കാരണം അവര് അടുത്ത സാഹിത്യ രാഷ്ട്രീയ അവാര്ഡിന്റെ ഇരകളാണ്. ഭരിക്കുന്ന സര്ക്കാരിനൊപ്പം നീന്തുന്ന സാഹിത്യത്തിലെ ചത്തുമലര്ന്ന മത്സ്യങ്ങള്. അവര് ഒഴുകിക്കൊണ്ടിരിക്കുന്നു. എന്നാല് സര്ഗ്ഗധനരായ സാഹിത്യകാരന്മാര് ഒഴുക്കിനതെിരെ നീന്തുന്നവരാണ്. അത്തരത്തിലുള്ളവരും കരേളത്തില് അവാര്ഡുകള് വാങ്ങിയിട്ടുണ്ട്.മറ്റൊരു പ്രധാന അവഗണന നാം കാണുന്നത് മാതൃഭാഷയ്ക്കായി വിദശേരാജ്യങ്ങളില് കഷ്ടപ്പടെുന്ന ഒരു പറ്റം എഴുത്തുകാരും മാധ്യമപ്രവര്ത്തകരുമുണ്ട്. അവാര്ഡുകള് വരുമ്പോള് അവരെ പുറംതള്ളുന്നു.

അതിന്റെ കാരണം ഇവരാരും ജാതി മത രാഷ്ട്രീയക്കാരുടെ സ്തുതി പാഠകരല്ല. വോട്ട്ബാങ്ക് രാഷ്ട്രീയത്തിലൂടെ അഭിനയ കലയിലൂടെ കടന്നുവന്നവര്ക്കും സര്ഗ്ഗപ്രഭയുടെ മാധുര്യമറിയില്ല. അക്ഷരത്തിന്റെ ആഴത്തിലുള്ള അറിവില്ല. ഇക്കൂട്ടരാണ് ഒരുപററം ജനതയുടെ നായകന്മാരായി അറിയപ്പെടുന്നത്. ഈ അഭിനയ അധികാരത്തിലുള്ളവരെ വാനോളം പാടിപുകഴ്ത്താന് ലക്ഷങ്ങള് വാരിക്കൂട്ടുന്ന കുറെ ദൃശ്യമാധ്യമങ്ങളുണ്ട്. ഇവര് ഇങ്ങനെ പരസ്യമെന്ന പേരില് വാങ്ങുന്നവന് തുകകളെപ്പററി ആര്ക്കും ഒരു പരാതിയോ പരിഭവമോ അന്വേഷണമോ ഇല്ല. മററുള്ളവര് അഴിമതിയിലൂടെ വാങ്ങുന്ന കൊള്ളപ്പണത്തെപ്പററി അല്ലങ്കില് ധനത്തെപ്പററി അന്വേഷണം നടത്താനും ചര്ച്ച ചെയ്യാനും ഇവര് സമര്ത്ഥരാണ്.

ചില പ്രമുഖ ദൃശ്യമാധ്യമങ്ങള് കുട്ടികളെ സിനിമ കാണാപാഠം പഠിപ്പിക്കുന്നു. പഠിക്കുന്ന പുസ്തകങ്ങളെക്കാള് കുട്ടികള്ക്ക് അറിവുള്ളത് സിനിമയും നടിനടന്മാരുമാണ്. എന്നാല് നിര്ഭാഗ്യമെന്ന് പറയട്ടെ ഇത് പരീക്ഷയ്ക്ക് എഴുതാന് കൊള്ളില്ല. സിനിമകളെ ഇത്രമാത്രം വാനോളം പുകഴ്ത്തുന്ന ഒരുദേശമോ, രാജ്യമോ ലോകത്ത് മററൊരിടത്തും കാണാനില്ല. ഇതുമൂലം അറിവില്ലാത്ത ഒരു സമൂഹം വളര്ന്നുവരുന്നു. ഈ കാര്യത്തില് ആരെയും ആശ്ചര്യപ്പെടുത്തുന്ന മററൊന്ന് ഈ കൂട്ടര് മുന്നേ സഞ്ചരിക്കുന്ന സമൂഹത്തിന്റെ വഴിവിളക്കായ ബുദ്ധിജീവികളായ എഴുത്തുകാരെ പാടെമറന്നിരിക്കുന്നുവന്നെതാണ്. സിനിമകള് ധാരളം ചര്ച്ച ചെയ്യുമ്പോള് ഒരു സാഹിത്യകൃതിയോ ശാത്രസാഹിത്യകാരനോ ചര്ച്ച ചെയ്യപ്പെടുന്നില്ല. അവര്ക്ക് സ്വന്തമായുള്ളത് അക്ഷരങ്ങളുടെ മൂലധനമാണ്. അല്ലാതെ പണത്തിന്റെ മൂലധനമല്ല. എഴുത്തുകാരില്ലങ്കില് എന്ത് കല, എന്ത് കാലം, എന്ത് സംസ്കാരം?. ഇന്ത്യന് ജനാധിപത്യം സമ്പാദിച്ചുകൂട്ടുന്നത് ദാരിദ്രവും പട്ടിണിയും അഴിമതിയുമാണ്.

ഇത് നിത്യവും അവാര്ഡുകളായി ഇന്ത്യയിലെ പാവങ്ങള് അനുഭവിക്കുന്നു. ഇപ്പോള് അവര്ക്ക് കണ്ട് രസിക്കാന് സിനിമയും അവാര്ഡ്പോലെ എത്തിയിരിക്കുന്നു. ഇന്നത്തെ ഈ കച്ചവട മസാല സിനിമകളും സാഹിത്യം എന്തന്നെറിയാത്തവരും ജനങ്ങളെ അന്ധകാരത്തിലേക്കാണ് നയിക്കുന്നത്. അതിനാല് കലാ-സാഹിത്യ അവാര്ഡുകളില് നിന്നും രാഷ്ട്രീയമധോവിത്വം ഒഴിഞ്ഞുപോകണമെന്ന് കാരൂര് സോമന് ആവശ്യപ്പെട്ടു. സണ്ണി പത്തനംതിട്ട, അമ്പലപ്പറമ്പില് അവറാന്, പോള് സ് കറിയ എന്നിവരും സംസാരിച്ചു. ബസ്സി ജോര്ജ് സ്വാഗതം പറഞ്ഞു.